LIBRARY ARCHIVES Kerala Legislative Assembly

നോർക്ക റൂട്ട്സിന്റെ സാന്ത്വന പദ്ധതി

51 (5398) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്കാ റൂട്ട്സ് സാന്ത്വന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദേശത്തുനിന്നും തിരികെയെത്തിയ നിർദ്ധനരായ പ്രവാസി കുടുബാംഗങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സാന്ത്വന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പ്രവാസി മലയാളികളുടെ/ അവരുടെ അടുത്ത കുടുബാംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹാവശ്യത്തിനും കുടുബാംഗങ്ങൾക്ക് വീൽ ചെയർ, ക്രച്ചസ് എന്നിവ വാങ്ങുന്നതിനും മരണപ്പെട്ട പ്രവാസിയുടെ അനന്തരാവകാശികൾക്ക് മരണാനന്തര സഹായവും നോർക്കാ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സാന്ത്വന പദ്ധതി പ്രകാരം സാമ്പത്തിക സഹായമായി നൽകിവരുന്നു.

(സി) ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ച് നൽകുന്നുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 3.07 കോടി രൂപയാണ് സാന്ത്വന പദ്ധതിയിലേക്ക് വകയിരുത്തിയിരിക്കുന്നത്. മരണാനന്തര സഹായം പരമാവധി 1,00,000 രൂപയും ചികിത്സാ സഹായം പരമാവധി 50,000 രൂപയും വിവാഹ സഹായം പരമാവധി 15,000 രൂപയും വീൽ ചെയർ, ക്രച്ചസ് എന്നിവ വാങ്ങുന്നതിന് 10,000 രൂപയും എന്നിങ്ങനെ ഈ പദ്ധതിയിലൂടെ സഹായം ചെയ്യുവരുന്നു.